എൻ.എസ്.എസ് കോളേജ് ◂ മഞ്ചേരി

# ഉൾ ▸ പ്രവേഗങ്ങൾ

വാർഷികം ◂ 2010 – 11



കണ്ണുനീരുള്ളവർ ◂ കണ്ണുനീരുപ്പുള്ള്വർ ◂ വിരലിലെണ്ണാവുന്നവർ ◂
വിരൽതുമ്പത്തു കവിതയുള്ളവർ ◂ വിരൽ മുറിഞ്ഞാൽ ചോരയൊഴുകുന്നവർ ◂
അവരാണത്രെ സമരം ചെയ്യേണ്ടവർ ◂ തല്ലുകൊള്ളേണ്ടവർ ◂
ജയിലിൽ കിടക്കേണ്ടവർ ◂ സപ്ലിയെഴുതേണ്ടവർ ◂ പ്രണയിക്കേണ്ടവർ ◂

000 ▸ 152

ഡോ. കെ. കിഷോർ കുമാർ (ബോട്ടണി വിഭാഗം)



# ചോല വനങ്ങളുടെ നെടുവീർപ്പുകൾ

ചോലവനങ്ങളുടെ വ്യാപനത്തിന് തടയിടുന്നതായി പറയപ്പെടുന്ന മറ്റൊരു കാരണം വേനൽക്കാലത്ത് പുൽമേടുകളിലേക്കിരച്ചെത്തുന്ന കാട്ടുതീയാണ്. താഴെ ഏതെങ്കിലും ആദിവാസി ഊരിലോ, എസ്റ്റേറ്റിലോ കോളനികളിലോ അശ്രദ്ധ മൂലമുണ്ടാകുന്ന തീ പലപ്പോഴും ഘോരതാണ്ഡവമാടി മുകളിലേക്കിരച്ചു കയറി പുൽമേടുകളെയും ചോലവനങ്ങളെയും നക്കിത്തുടയ്ക്കാറുണ്ട്. ചോലവനങ്ങളിലേക്ക് തീ പടരുന്നത് പ്രധാനമായും അവയ്ക്കുള്ളിൽ കാണുന്ന ഈറ്റമരങ്ങളിലൂടെയാണ്. പുൽമേടുകളിൽ തീ പടർന്നാലും കോടമഞ്ഞും തണുപ്പും കാരണം ഏതാനും ദിവസങ്ങൾക്കുള്ളിൽ പുതിയ പുൽനാമ്പുകൾ ഉണ്ടായി വരാറുണ്ട്.

‘ദൈവത്തിന്റെ സ്വന്തം നാട്’ എന്ന് വിശേഷിപ്പിക്കപ്പെടുന്ന നമ്മുടെ കൊച്ചു സംസ്ഥാനത്തിന് ആ പേർ കൈവന്നത് സമാനതകളില്ലാത്ത കാലാവസ്ഥയും കണ്ണിന് കുളിർമയേകുന്ന പച്ചപ്പും, ജീവനാഡി പോലെ ഏതു മുക്കിലും മൂലയിലും കാണപ്പെടുന്ന നിരവധി അരുവികളും പുഴകളും സർവ്വോപരി ഇവയെല്ലാം നില നിർത്താൻ വേണ്ടി കൃത്യമായെത്തുന്ന കാലവർഷവും ആണല്ലോ. യഥാർത്ഥത്തിൽ സഹ്യന്റെ പടിഞ്ഞാറേ ചെരിവിൽ കിടക്കുന്ന കേരളത്തിൽ പെയ്യുന്ന മുഴുവൻ മഴയും, അവയെ സ്പോഞ്ചു പോലെ ആവാഹിച്ചു ഭൂഗർഭത്തിലേക്കാഴ്ത്തുന്ന ഇത്തരം മഴക്കാടുകൾ ഉള്ളതു കൊണ്ടാണ്, കുത്തിയൊലിച്ചു അറബിക്കടലിൽ എത്താതിരിക്കുന്നത്. കേരളത്തിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന (6000 mm വരെ) ഹൈറേഞ്ച് പ്രദേശങ്ങളിലെ ചോലവനങ്ങളിൽ നിന്നാണ് കേരളത്തിലെ പല നദികളും ഉത്ഭവിക്കുന്നത്.

ശൈത്യകാലത്ത് ശീതമേഖലാ രാജ്യങ്ങളിലെ കാലാവസ്ഥയെ അനുസ്മരിപ്പിക്കുന്ന ഈ പ്രദേശങ്ങളിലെ സസ്യ-ജന്തുജാലങ്ങൾ ഒരുപാട് വിപരീത സാഹചര്യങ്ങളെ നേരിടേണ്ടി വരുന്നുണ്ട്. ഡിസംബർ-ജനുവരി മാസങ്ങളിൽ പുൽമേടുകളിലെ രാത്രികാല ഊഷ്മാവ് -5°C മുതൽ -8°C വരെ താഴാറുണ്ട്. തത്സമയം മേൽ മണ്ണിലെയും സസ്യകോശങ്ങളിലെയും ജലകണങ്ങൾ ഫ്രീസ് ചെയ്യുന്നു. സസ്യത്തിനകത്തെ ജലസംവഹനം തടസ്സപ്പെടുന്നു. പക്ഷേ, ശീതമേഖലാ രാജ്യങ്ങളിൽ നിന്ന് വിഭിന്നമായി, പ്രഭാതത്തിൽ സാധാരണ പോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ കോശങ്ങൾക്കകത്ത് രൂപപ്പെട്ട ഐസ് ഉരുകുകയും പ്രകാശസംശ്ലേഷണം വഴി ഇലകളിലൂടെ ജലം നഷ്ടപ്പെടുകയും ചെയ്യുന്നു. മേൽമണ്ണ് ഫ്രീസ് ചെയ്തിരിക്കുന്നതിനാൽ ചെടിക്ക് ഈ അവസരത്തിൽ വെള്ളം വലിച്ചെടുക്കാൻ പറ്റില്ല. ഇക്കാരണത്താൽ അമിതമായ ജലനഷ്ടം സംഭവിക്കുന്നു. അതിനാൽ തൈകൾ വാടുകയും, ക്രമേണ ഉണങ്ങുകയും ചെയ്യുന്നു. പ്രഭാതരശ്മികൾ കൂടുതൽ ലഭിക്കുന്ന കിഴക്കൻ മലഞ്ചെരിവിൽ സസ്യങ്ങൾക്ക് കൂടുതൽ നാശമുണ്ടാവുന്നു. ഇത്തരത്തിലുള്ള പ്രതികൂല കാലാവസ്ഥകളെ ചെറുക്കാനായി സസ്യങ്ങളുടെ ഇലകൾ കട്ടിയേറിയും, അകത്തേക്ക് വളഞ്ഞും, കുഴലുപോലെയായും അനുകൂല വ്യതിയാനങ്ങൾ പ്രകടിപ്പിക്കാറുണ്ട്. പുൽമേടുകളിലേക്ക് ചോലവനങ്ങൾ വ്യാപിക്കാത്തതിന്റെ ഒരു കാരണം കാലാവസ്ഥയിലെ ഈ പ്രത്യേകതയാണ്. മാത്രമല്ല, ശക്തമായടിക്കുന്ന കാറ്റും, അടിച്ചു തകർത്ത് പെയ്യുന്ന പേമാരിയും തന്മൂലമുണ്ടാകുന്ന മണ്ണൊലിപ്പും മലഞ്ചെരിവുകളിൽ വൃക്ഷങ്ങൾ വളരുന്നതിനോ വളർന്നാൽ തന്നെ നിലനിൽക്കുന്നതിനോ ഉള്ള സാദ്ധ്യത കുറയ്ക്കുന്നു. ഇതുമൂലമാണ് അവ മണ്ണിന്റെയും വെള്ളത്തിന്റെയും ലഭ്യത ഏറ്റവുമധികമുള്ള മലയിടുക്കുകളിലേക്കും, താഴ്വരകളിലേക്കുമായി ഒതുങ്ങിപ്പോകുന്നത്.

ചോലവനങ്ങളുടെ വ്യാപനത്തിന് തടയിടുന്നതായി പറയപ്പെടുന്ന മറ്റൊരു കാരണം വേനൽക്കാലത്ത് പുൽമേടുകളിലേക്കിരച്ചെത്തുന്ന കാട്ടുതീയാണ്. താഴെ ഏതെങ്കിലും ആദിവാസി ഊരിലോ, എസ്റ്റേറ്റിലോ കോളനികളിലോ അശ്രദ്ധ മൂലമുണ്ടാകുന്ന തീ പലപ്പോഴും ഘോരതാണ്ഡവമാടി മുകളിലേക്കിരച്ചു കയറി പുൽമേടുകളെയും ചോലവനങ്ങളെയും നക്കിത്തുടയ്ക്കാറുണ്ട്. ചോലവനങ്ങളിലേക്ക് തീ പടരുന്നത് പ്രധാനമായും അവയ്ക്കുള്ളിൽ കാണുന്ന ഈറ്റമരങ്ങളിലൂടെയാണ്. പുൽമേടുകളിൽ തീ പടർന്നാലും കോടമഞ്ഞും തണുപ്പും കാരണം ഏതാനും ദിവസങ്ങൾക്കുള്ളിൽ പുതിയ പുൽനാമ്പുകൾ ഉണ്ടായി വരാറുണ്ട്. ഇവ തേടിയെത്തുന്ന വരയാട്, മാൻ, കാട്ടു



**ബ്രിട്ടീഷ് ഭരണകാലത്ത് മൂന്നാർ ഹൈറേഞ്ചുകൾ, ഊട്ടി, കൊടൈക്കനാൽ തുടങ്ങിയ മേഖലകളിൽ ചോലവനങ്ങളെ വ്യാപകമായി നശിപ്പിച്ച് തേയില, യൂക്കാലി, വാറ്റിൽ (Acacia) എന്നിവ നട്ടുപിടിപ്പിക്കാൻ തുടങ്ങി. അരുവികൾ വറ്റാനും, പുഴകളിലെ നീരൊഴുക്ക് കുറയാനും തുടങ്ങിയപ്പോഴാണ് വൈകിയെങ്കിലും പലർക്കും ബോധോദയമുണ്ടായത്. പക്ഷേ, ഒരിക്കൽ നശിച്ചാൽ ചോലവനങ്ങളെ പിന്നീട് നട്ടുപിടിപ്പിക്കാൻ വളരെ പ്രയാസമാണ് എന്ന സത്യവും വൈകാതെ മനസ്സിലാക്കപ്പെട്ടു.**

പോത്ത് എന്നിവയെ വേട്ടയാടാനായി മനഃപൂർവ്വം തീയിടുക എന്നത് ആദിവാസികളും ബ്രിട്ടീഷ് നായാട്ടുകാരും പണ്ടു മുതലേ അവലംബിച്ച രീതിയാണ്. പുൽമേടുകൾ കത്തിയെരിഞ്ഞുണ്ടാകുന്ന ചാരം ആദ്യ മഴയ്ക്കു തന്നെ സ്വന്തം കൃഷിയിടങ്ങളിലൊഴുകിയെത്തും എന്നതിനാൽ മനഃപൂർവ്വം തീയ്യിടുന്നവരും കുറവല്ല. ശക്തമായ ശിക്ഷാനടപടികളിലൂടെയേ ഇത് തടയാൻ പറ്റൂ.

മേൽ വിവരിച്ച മനുഷ്യനിർമ്മിതമായ, നാശനഷ്ടങ്ങളേൽക്കാത്ത മലയിടുക്കുകളിൽ കാലാവസ്ഥയിലെ പ്രത്യേകത ഒന്നു കൊണ്ടുമാത്രം ചോലവനങ്ങൾ യാതൊരു മാറ്റവുമില്ലാതെ നിലനിൽക്കുന്നു. അതിനാൽ അവയെ ഒരു ജീവിക്കുന്ന ഫോസിൽ സമുദായമായി (Living Fossil Community) കണക്കാക്കിവരുന്നു. മാത്രമല്ല ചോലവനങ്ങളുടെ രൂപീകരണത്തിന് പശ്ചിമഘട്ടത്തിന്റെ രൂപീകരണത്തോളം പ്രായമുള്ളതായി ശാസ്ത്രലോകം കരുതുന്നു.

ചോലവനങ്ങൾ സസ്യ - ജന്തു വൈവിധ്യത്തിന്റെ, വിശിഷ്യാ സ്ഥാനീയ സസ്യങ്ങളുടെ (Endemic plant) കലവറയാണ്. കാലാവസ്ഥയിലെ വൈവിധ്യമാണ് ഇതിന് കാരണം. അത്യപൂർവ്വങ്ങളായ കുറിഞ്ഞികൾ, കാശിത്തുമ്പകൾ (Balsams), ഓർക്കിഡുകൾ, ഔഷധച്ചെടികൾ, വൃക്ഷങ്ങൾ എന്നിവ ഇവിടെ കാണപ്പെടുന്നു. അപൂർവ്വങ്ങളായ വരയാട്, കരിങ്കുരങ്ങ്, മലയണ്ണാൻ, കുഴിഅണലി, അറ്റ്ലസ് നിശാശലഭം തുടങ്ങിയവയുടെ ആവാസകേന്ദ്രവും ഇത്തരം പ്രദേശങ്ങളാണ്. ഭാരതത്തിൽ രേഖപ്പെടുത്തിയ സ്ഥാനീയ സസ്യങ്ങളുടെ (പ്രത്യേക പ്രദേശങ്ങളിൽ മാത്രം വളരുന്നവ) മൊത്തം എണ്ണം സസ്യവൈവിധ്യത്തിന്റെ 33 ശതമാനത്തോളം മാത്രം വരുമെങ്കിൽ ചോലവനങ്ങളിൽ ഇത് 37 ശതമാനത്തോളമാണ്. കേരളത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള (331 എണ്ണം) പന്നൽച്ചെടികളുടെ (Pteridophytes) മുപ്പത് ശതമാനവും മൊത്തം വനമേഖലയുടെ ഒരു ശതമാനത്തിൽ താഴെ മാത്രം (0.7%) വരുന്ന ചോലവനങ്ങളിൽ നിന്നാണ് എന്നത് അത്ഭുതാവഹമായ കാര്യമാണ്.

ചോലവനങ്ങളിൽ ലേഖകൻ നടത്തിയ പഠനങ്ങളിൽ നിന്നായി കേരളത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെടാത്ത എഴുപതോളം സസ്യങ്ങൾ കണ്ടെത്തിയിരുന്നു. മാത്രമല്ല, ഭൂമുഖത്തു നിന്നും അന്യംനിന്നു പോയി എന്ന് കരുതപ്പെട്ട (Possibly extinct) ഏഴോളം സസ്യങ്ങൾ ഈ പഠനത്തിലൂടെ കണ്ടെത്തുകയുംചെയ്തു. ശാസ്ത്രലോകത്തിന് തന്നെ പുതുതായ നിരവധി സസ്യങ്ങളും ഈ പഠനത്തിലൂടെ കണ്ടെത്താൻ പറ്റി. ആദിവാസികളിൽ നടത്തിയ പഠനങ്ങളിൽ നിന്ന് 45ഓളം ഔഷധസസ്യങ്ങളുൾപ്പെടെ 190ഓളം സസ്യങ്ങളുടെ വിവിധങ്ങളായ ഉപയോഗങ്ങളെക്കുറിച്ച് വിവരങ്ങൾ ലഭിക്കുകയുണ്ടായി.

ചോലവനവൃക്ഷങ്ങൾ, കുള്ളന്മാരും ശാഖോപശാഖകൾ നിറഞ്ഞതും ആയതിനാൽ തടിയുടെ ആവശ്യങ്ങൾക്കങ്ങനെഉപകരിക്കാറില്ല. മാത്രമല്ല ഈ ചെങ്കുത്തായ മലമ്പ്രദേശങ്ങളിൽ ജീവിക്കുന്ന ആദിവാസി സമൂഹമായ മുതുവന്മാരിൽ അവരുടെ ഔഷധ സസ്യോപയോഗങ്ങളെ കുറിച്ച് കാര്യമായ പഠനങ്ങളും നടന്നിരുന്നില്ല. തന്മൂലം ചോലവനങ്ങൾ പണ്ടുമുതൽക്കേ 'പ്രയോജനപ്രദമല്ലാത്ത കാടുകൾ' എന്ന് മുദ്രകുത്തപ്പെട്ടു. ഇക്കാരണത്താൽ ബ്രിട്ടീഷ് ഭരണകാലത്ത് മൂന്നാർ ഹൈറേഞ്ചുകൾ, ഊട്ടി, കൊടൈക്കനാൽ തുടങ്ങിയ മേഖലകളിൽ അവയെ വ്യാപകമായി നശിപ്പിച്ച് തേയില, യൂക്കാലി, വാറ്റിൽ (Acacia) എന്നിവ നട്ടുപിടിപ്പിക്കാൻ തുടങ്ങി. അരുവികൾ വറ്റാനും, പുഴകളിലെ നീരൊഴുക്ക് കുറയാനും തുടങ്ങിയപ്പോഴാണ് വൈകിയെങ്കിലും പലർക്കും ബോധോദയമുണ്ടായത്. പക്ഷേ, ഒരിക്കൽ നശിച്ചാൽ ചോലവനങ്ങളെ പിന്നീട് നട്ടുപിടിപ്പിക്കാൻ വളരെ പ്രയാസമാണ് എന്ന സത്യവും വൈകാതെ മനസ്സിലാക്കപ്പെട്ടു. മേൽ സൂചിപ്പിച്ച തോട്ടവിളകളിൽ നിന്നുള്ള ആദായവും വിപണിയിലെ സമ്മർദ്ദവും നിമിത്തം വരുവരായ്കകൾ നോക്കാതെ ഇവയെ നശിപ്പിക്കാൻ ഇപ്പോഴും ശ്രമം നടക്കുന്നുണ്ട്.

ഭാഗ്യത്തിന് കേരളത്തിലെ ഏറ്റവും വലിയ ചോലവനമേഖലയായ ആനമുടി പ്രദേശങ്ങളുൾക്കൊള്ളുന്ന ഇരവികുളവും, കന്യാവനമെന്നറിയപ്പെടുന്ന സൈലന്റ് വാലിയും ദശാബ്ദങ്ങൾക്ക് മുമ്പേ നാഷണൽ പാർക്കുകളായി പ്രഖ്യാപിച്ചതിനാൽ ഇന്ന് സംരക്ഷണ പരിധിക്കുള്ളിലാണ്. പരിസ്ഥിതിവാദികളുടെ നിരന്തരമായ സമ്മർദ്ദം മൂലം സർക്കാർ രണ്ട് വർഷം മുമ്പ് കേരളത്തിലെ ഏറ്റവും വലിയ ചോലവനം അഥവാ 'ചോലവനങ്ങളുടെ രാജാവ്' എന്നറിയപ്പെടുന്ന ഇടുക്കി ജില്ലയിലെ മന്നവൻ ചോലയും, മറ്റു ചോലവനങ്ങളായ പുല്ലാരടിചോല, പാമ്പാടും ചോല, ഇടിവാര ചോല, മതികെട്ടാൻ ചോല തുടങ്ങിയവയും നാഷണൽ പാർക്കുകളായി പ്രഖ്യാപിക്കാനുള്ള തീരുമാനം എടുക്കുകയുണ്ടായി. ചോലവനങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യം മനസ്സിലാക്കി ഇനിയും നിയമസംരക്ഷണം ലഭിക്കാത്ത മറ്റ് എല്ലാ ചോലവനമേഖലകളിലും സംരക്ഷണം ഉറപ്പാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യവും അടുത്ത തലമുറയോടു കാണിക്കേണ്ട ബാധ്യതയുമാണ്.

**അനുബന്ധം:-**

കേരളത്തിൽ പുതുതായി പ്രഖ്യാപിക്കപ്പെട്ട നാഷണൽ പാർക്കുകൾ :

1. മതികെട്ടാൻ ചോല നാഷണൽ പാർക്ക് - 1281.74 ഹെക്ടർ (ഉടുമ്പൻ ചോല താലൂക്ക്, പൂപ്പാറ വില്ലേജ്, ഇടുക്കി ജില്ല)
2. ആനമുടി ചോല നാഷണൽ പാർക്ക് - 750 ഹെക്ടർ (ദേവികുളം താലൂക്ക്, മറയൂർ വില്ലേജ്, ഇടുക്കി ജില്ല) ഉൾപ്പെടുന്ന സ്ഥലങ്ങൾ - മന്നവൻ ചോല, ഇടിവാര ചോല, പുല്ലാരടി ചോല
3. പാമ്പാടും ചോല നാഷണൽ പാർക്ക് - 131.80 ഹെക്ടർ (ദേവികുളം താലൂക്ക്, മറയൂർ വില്ലേജ്, ഇടുക്കി ജില്ല)

drkishorekumar@nsscollegemanjeri.org